# 1 പത്രൊസ്

1 യേശുക്രിസ്തുവിൻെറ അപ്പൊ
സ്തലനായ പത്രൊസ്,
പിതാവായ ദൈവത്തിൻെറ മുന്നറിവിനാൽ,
ആത്മാവിൻെറ വിശുദ്ധീകരണം പ്രാപിച്ച്,
യേശുക്രിസ്തുവിനോട് അനുസരണം കാണി
പ്പാനും അവിടുത്തെ രക്തത്താൽ തളിക്കപ്പെ
ടുവാനുമായി തിരഞ്ഞെടുക്കപ്പെട്ടവരും,
2പൊന്തൊസ്, ഗലാത്യ, കപ്പദോക്യ, ആസ്യ,
ബിഥുന്യ എന്നിവിടങ്ങളിൽ ചിതറിപ്പാർക്കുന്ന
പരദേശികളുമായവർക്ക് എഴുതുന്നത്:
നിങ്ങൾക്കു കൃപയും സമാധാനവും സമൃദ്ധി
യായി ഉണ്ടാകുമാറാകട്ടെ.

*സജീവമായ പ്രത്യാശ*

3നമ്മുടെ കർത്താവായ യേശുക്രിസ്തു
വിൻെറ പിതാവായ ദൈവത്തിനു സ്തോത്രം.
അവിടുന്ന് തൻെറ മഹാകരുണയാൽ, മരി
ച്ചവരിൽനിന്നുള്ള യേശുക്രിസ്തുവിൻെറ
ഉയിർത്തെഴുന്നേല്പിലൂടെ, ജീവനുള്ള പ്രത്യാ
ശയ്ക്കായും, 4നിങ്ങൾക്കുവേണ്ടി സ്വർഗ്ഗത്തിൽ
സൂക്ഷിച്ചിരിക്കുന്നതും ക്ഷയം, മാലിന്യം, വാട്ടം
എന്നിവ ഇല്ലാത്തതുമായ അവകാശത്തിനായും
നമ്മെ വീണ്ടും ജനിപ്പിച്ചിരിക്കുന്നു. 5അന്ത്യകാ
ലത്തു വെളിപ്പെടുവാൻ പോകുന്ന രക്ഷയ്ക്കാ
യി, വിശ്വാസത്തിലൂടെ നിങ്ങൾ ദൈവശക്തി
യാൽ കാത്തുസൂക്ഷിക്കപ്പെടുന്നു. 6ഇപ്പോൾ
അല്പകാലത്തേക്കു പലവിധ പരിശോ
ധനകളാൽ നിങ്ങൾ ദുഃഖിക്കുന്നുവെങ്കിലും ഈ
രക്ഷയിൽ ആനന്ദിക്കുന്നു. 7തീയിൽ ശുദ്ധീകരി
ക്കപ്പെടുന്നതെങ്കിലും നശ്വരമായ സ്വർണ്ണ
ത്തേക്കാൾ, പരിശോധനയെ അതിജീവിക്കുന്ന
നിങ്ങളുടെ വിശ്വാസം അധികം വിലയേറിയ
തെന്ന് യേശുക്രിസ്തുവിൻെറ പ്രത്യക്ഷതയിൽ
പുകഴ്ചയ്ക്കും തേജസ്സിനും ബഹുമാനത്തി
നുമായി കാണുവാൻ ഇടയാകും. 8അവിടുത്തെ
നിങ്ങൾ കണ്ടിട്ടില്ലെങ്കിലും സ്നേഹിക്കുകയും
ഇപ്പോൾ കാണാതെതന്നേ വിശ്വസിക്കുകയും
ചെയ്യുന്നു. 9വിശ്വാസത്തിൻെറ ഫലമായ
ആത്മരക്ഷ പ്രാപിക്കുമെന്നതിനാൽ നിങ്ങൾ
അവർണ്ണനീയവും മഹിമയുള്ളതുമായ സന്തോ
ഷത്തോടെ ആനന്ദിക്കുന്നു.
10നിങ്ങൾക്കു ലഭിപ്പാനിരുന്ന കൃപയെക്കുറി
ച്ചു സംസാരിച്ച പ്രവാചകർ ഈ രക്ഷയെ സം
ബന്ധിച്ച് അത്യന്തം സൂക്ഷ്മതയോടെ അന്വേ
ഷിച്ചിരുന്നു. 11അവരിലുള്ള ക്രിസ്തുവിൻെറ
ആത്മാവ് ക്രിസ്തുവിന് ഉണ്ടാകുവാനിരുന്ന
കഷ്ടതകളെയും പിൻവരുന്ന മഹിമയെയും
കുറിച്ചു പ്രവചിച്ചപ്പോൾ സൂചിപ്പിച്ചതെന്തെന്നും
ഏതു സമയത്തേക്കുള്ളതെന്നും അവർ ആരാ
ഞ്ഞുനോക്കി. 12അവർ തങ്ങൾക്കുവേണ്ടിയല്ല
നിങ്ങൾക്കുവേണ്ടിയാണ് ആ ശുശ്രൂഷ നിറവേറ്റി
യിരുന്നതെന്ന് അവർക്കു വെളിപ്പെട്ടു; സ്വർ
ഗ്ഗത്തിൽനിന്ന് അയച്ചിരിക്കുന്ന പരിശുദ്ധാത്മാ
വിനാൽ നിങ്ങളോടു സുവിശേഷം അറിയിച്ചവർ
പ്രസ്താവിച്ച ഇതേ കാര്യങ്ങളിലേക്കു ദൈവദൂ
തന്മാർപോലും എത്തിനോക്കുവാൻ ആഗ്രഹി
ക്കുന്നു.

*വിശുദ്ധരാകുവിൻ*

13ആകയാൽ മനസ്സൊരുക്കവും ആത്മനിയ
ന്ത്രണവും ഉള്ളവരായി, യേശുക്രിസ്തുവിൻെറ
പ്രത്യക്ഷതയിങ്കൽ നിങ്ങൾക്കു ലഭിക്കുവാനു
ള്ള കൃപയിൽ പൂർണ്ണപ്രത്യാശ വച്ചുകൊള്ളു
വിൻ. 14നിങ്ങൾ അനുസരണമുള്ള മക്കൾ
ആകയാൽ, നിങ്ങളുടെ അജ്ഞാനകാ
ലത്തുണ്ടായിരുന്ന ദുർമ്മോഹങ്ങൾക്ക്
ഇനിമേൽ കീഴ്പെടരുത്. 15നിങ്ങളെ വിളിച്ചവൻ
വിശുദ്ധൻ ആയിരിക്കുന്നതുപോലെ നിങ്ങളും
സകല പ്രവൃത്തികളിലും വിശുദ്ധരായിരിപ്പിൻ;
16"ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശു
ദ്ധരാകുവിൻ"[a] എന്ന് എഴുതിയിരിക്കുന്നുവല്ലോ.
17മുഖപക്ഷം കൂടാതെ ഓരോരുത്തരുടേയും
പ്രവൃത്തിക്കു തക്കതായി ന്യായം വിധിക്കുന്നവ
നെയാണു നിങ്ങൾ പിതാവെന്നു വിളിക്കുന്ന
തെങ്കിൽ നിങ്ങളുടെ പ്രവാസജീവിതം
ഭയഭക്തിയോടെ നയിക്കുവിൻ. 18വ്യർത്ഥവും
പരമ്പരാഗതവുമായ ജീവിതഗതിയിൽനിന്നു നി
ങ്ങളെ വീണ്ടെടുത്തിരിക്കുന്നത് വെള്ളി, പൊന്ന്

*a* 16 ലേവ്യ 11:44,45; 19:2;20:7

മുതലായ നശ്വരവസ്തുക്കളാലല്ല, 19പിന്നെ
യോ ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്ക
വുമായ കുഞ്ഞാടിൻെറ വിലയേറിയ രക്തത്താ
ലത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലോ. 20അവി
ടുന്ന് ലോകസ്ഥാപനത്തിനുമുമ്പ് മുന്നറിയ
പ്പെട്ടവനും നിങ്ങൾക്കുവേണ്ടി അന്ത്യകാലത്തു
വെളിപ്പെട്ടവനും ആകുന്നു. 21ക്രിസ്തു മു
ഖാന്തരം നിങ്ങൾ ദൈവത്തിൽ വിശ്വസിച്ചു;
ദൈവം ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർ
പ്പിക്കുകയും തേജസ്കരിക്കുകയും ചെയ്തതി
നാൽ നിങ്ങൾ ദൈവത്തിൽ വിശ്വാസവും പ്രത്യാ
ശയും ഉള്ളവരായിരിക്കുന്നു.

22നിങ്ങൾ സത്യത്തെ അനുസരിച്ച്, നിർവ്യാ
ജമായ സഹോദരസ്നേഹത്തിനുവേണ്ടി നി
ങ്ങളുടെ ആത്മാക്കളെ ശുദ്ധീകരിച്ചിരിക്കയാൽ
ഹൃദയപൂർവ്വം[a] അന്യോന്യം ഉറ്റുസ്നേഹിപ്പിൻ.
23നശ്വരമായ ബീജത്താൽ അല്ല, അനശ്വരമാ
യതിനാൽ, ജീവനുള്ളതും നിലനില്ക്കുന്നതു
മായ ദൈവവചനത്താൽ തന്നേ, നിങ്ങൾ
വീണ്ടും ജനിച്ചിരിക്കുന്നു.

24"സകല മനുഷ്യരും പുല്ലിനു
തുല്യരും, അവരുടെ മഹത്ത്വം
പുല്ലിൻെറ പൂവുപോലെയും ആകുന്നു;
പുല്ലു വാടുന്നു, പൂവ് ഉതിരുന്നു;
25എന്നാൽ കർത്താവിൻെറ വചനമോ
എന്നേക്കും നിലനില്ക്കുന്നു." [b]

നിങ്ങളെ അറിയിച്ച സുവിശേഷത്തിൻെറ
വചനം ഇതുതന്നേ.

2 അതുകൊണ്ടു സകല ദുഷ്ടതയും എല്ലാ
വഞ്ചനയും കപടഭക്തിയും അസൂയയും
സകലവിധ ദൂഷണവും വിട്ടുകളയുവിൻ.
2കർത്താവു നല്ലവൻ എന്നു നിങ്ങൾ രുചിച്ചറി
ഞ്ഞിരിക്കയാൽ, 3നിങ്ങൾ രക്ഷയിൽ വളർന്നു
വരേണ്ടതിന്, നവജാത ശിശുക്കളെപ്പോലെ
വചനമെന്ന ശുദ്ധവും ആത്മീയവുമായ പാൽ
കുടിപ്പാൻ വാഞ്ഛിപ്പിൻ.

### *ജീവനുള്ള കല്ലും തിരഞ്ഞെടുക്കപ്പെട്ട ജനവും*

4മനുഷ്യർ തള്ളിക്കളഞ്ഞതെങ്കിലും ദൈവം
തിരഞ്ഞെടുത്തതും ദൈവത്തിനു വിലപ്പെട്ടതു
മായ ജീവനുള്ള കല്ലായ ക്രിസ്തുവിൻെറ അടു
ക്കൽ വന്നിട്ടു നിങ്ങളും ജീവനുള്ള കല്ലുകൾ
എന്നപോലെ ആത്മീയഗൃഹമായി പണിയ
പ്പെടുന്നു. 5നിങ്ങൾ യേശുക്രിസ്തു മുഖാന്തരം
ദൈവത്തിനു സ്വീകാര്യമായ ആത്മീയയാ
ഗങ്ങൾ അർപ്പിക്കുന്ന വിശുദ്ധപുരോഹിതവർ
ഗ്ഗം ആകേണ്ടതിനുതന്നേ.

6"ഇതാ ഞാൻ സീയോനിൽ ഒരു കല്ല്-
തിരഞ്ഞെടുക്കപ്പെട്ടതും വിലയേറിയതു
മായ മൂലക്കല്ലുതന്നേ- സ്ഥാപിക്കുന്നു.
അവനിൽ വിശ്വസിക്കുന്നവൻഒരിക്കലും
ലജ്ജിച്ചുപോകയില്ല"[c]

എന്നു തിരുവെഴുത്തിൽ പറയുന്നുവല്ലോ. 7വി
ശ്വസിക്കുന്നവരായ നിങ്ങൾക്ക് ഈ കല്ല് അമൂ
ല്യമാകുന്നു; വിശ്വസിക്കാത്തവർക്കോ,

"വീടു പണിയുന്നവർ
തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലും"[d],
8"ഇടർച്ചക്കല്ലും തടങ്കൽപ്പാറയും"[e]

ആയിത്തീർന്നിരിക്കുന്നു. അവർ വചനം
അനുസരിക്കാത്തതുകൊണ്ട് ഇടറിപ്പോകുന്നു
- അതിനായി അവർ നിയമിക്കപ്പെട്ടിരിക്കുന്നു.

9നിങ്ങളോ അന്ധകാരത്തിൽനിന്നു തൻെറ
അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവ
ൻെറ സൽഗുണങ്ങളെ ഘോഷിപ്പാൻ
തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ജനതയും രാ
ജകീയ പുരോഹിതവർഗ്ഗവും വിശുദ്ധവംശവും
ദൈവത്തിൻെറ സ്വന്തജനവും ആകുന്നു. 10മു
മ്പേ നിങ്ങൾ ജനം ആയിരുന്നില്ല, ഇപ്പോഴോ
ദൈവത്തിൻെറ ജനം; മുമ്പേ കരുണ ലഭിക്കാ
ത്തവർ, ഇപ്പോഴോ കരുണ ലഭിച്ചവർ തന്നേ.

11പ്രിയരേ, അന്യരും പരദേശികളുമായ നി
ങ്ങളെ ഞാൻ പ്രബോധിപ്പിക്കുന്നു, നിങ്ങളുടെ
ആത്മാവിനോടു പോരാടുന്ന ജഡമോഹങ്ങളെ
വിട്ടകലുവിൻ. 12വിജാതീയർ നിങ്ങളെ ദുഷ്
പ്രവൃത്തിക്കാർ എന്നു പറഞ്ഞ് ദുഷിക്കുമ്പോൾ
ത്തന്നേ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,
സന്ദർശനദിവസത്തിൽ, ദൈവത്തെ മഹത്ത്വ
പ്പെടുത്തേണ്ടതിന് അവരുടെ ഇടയിൽ നിങ്ങ
ളുടെ പെരുമാറ്റം ശ്രേഷ്ഠമായിരിക്കട്ടെ.

### *അധികാരികളോടു വിധേയത്വം*

13മാനുഷികമായ എല്ലാ വ്യവസ്ഥാപിത
അധികാരികൾക്കും, കർത്താവുനിമിത്തം
വിധേയരാകുവിൻ; പരമാധികാരി എന്ന നി
ലയിൽ രാജാവിനും, 14തിന്മ ചെയ്യുന്നവരെ ശി
ക്ഷിക്കുവാനും നന്മ ചെയ്യുന്നവരെ മാനിക്കുവാ
നും അദ്ദേഹത്താൽ നിയമിക്കപ്പെട്ടവരെന്ന നി
ലയിൽ ദേശാധിപതികൾക്കും വിധേയപ്പെടു
വിൻ. 15നിങ്ങൾ നന്മ ചെയ്തുകൊണ്ട്, മൂ
ഢരുടെ അജ്ഞത നിശ്ശബ്ദമാക്കണമെന്നതു
ദൈവേഷ്ടമാണ്. 16സ്വതന്ത്രരായി, സ്വാതന്ത്ര്യം
ദുഷ്ടതയ്ക്കു മറയാക്കാതെ, ദൈവത്തിൻെറ
ദാസരായി ജീവിപ്പിൻ. 17എല്ലാവരെയും ആദരി
ക്കുവിൻ. സഹോദരസമൂഹത്തെ സ്നേഹിക്കു
വിൻ, ദൈവത്തെ ഭയപ്പെടുവിൻ, രാജാവിനെ
ആദരിക്കുവിൻ.

18ദാസരേ, നിങ്ങളുടെ യജമാനന്മാർക്ക്,

[a] 22 ചില കയ്യെഴുത്തുപ്രതികളിൽ *നിർമ്മലഹൃദയത്തോടെ* [b] 25 യെശയ്യാവ് 40:6-8 [c] 2:6 യെശയ്യാവ് 28:16
[d] 7 സങ്കീർത്തനം 118:22 [e] 8 യെശയ്യാവ് 8:14

നല്ലവരും ദയാശീലരുമായവർക്കു മാത്രമല്ല,
ക്രൂരന്മാർക്കുംകൂടെ പൂർണ്ണബഹുമാനത്തോടെ
കീഴടങ്ങിയിരിപ്പിൻ. 19അന്യായമായി ഉപദ്രവ
മേൽക്കുന്നവൻ, ദൈവബോധം നിമിത്തം വേദന
സഹിക്കുന്നുവെങ്കിൽ അത് പ്രശംസാർഹമാണ്.
20തെറ്റു ചെയ്തിട്ട് അടി കൊള്ളുന്നതിൽ സഹി
ഷ്ണുത കാണിച്ചാൽ പ്രശംസിപ്പാൻ എന്തുള്ളു?
എന്നാൽ നന്മ ചെയ്തിട്ടു പീഡനം ഏൽക്കു
കയും അതു ക്ഷമയോടെ സഹിക്കുകയും
ചെയ്യുന്നുവെങ്കിൽ അതു ദൈവത്തിനു പ്രസാ
ദകരം. 21ഇതിനായിട്ടല്ലോ നിങ്ങളെ വിളിച്ചിരി
ക്കുന്നത്. ക്രിസ്തു നിങ്ങൾക്കുവേണ്ടി പീഡനം
സഹിക്കുകയും നിങ്ങൾ അവിടുത്തെ കാൽച്ചു
വടു പിന്തുടരുവാൻ ഒരു മാതൃക നൽകുകയും
ചെയ്തിരിക്കുന്നു.

22"അദ്ദേഹം ഒരു പാപവും ചെയ്തില്ല,
അവിടുത്തെ വായിൽ വഞ്ചനയൊന്നും
ഉണ്ടായിരുന്നുമില്ല."[a]

23തന്നെ ശകാരിച്ചിട്ട് അദ്ദേഹം പകരം ശകാ
രിച്ചില്ല. പീഡനം സഹിക്കുമ്പോൾ അദ്ദേഹം ഭീ
ഷണിപ്പെടുത്തിയില്ല; ന്യായമായി വിധിക്കുന്നവ
ന്റെ പക്കൽ സ്വയം ഭരമേല്പിക്കുകയാണ് അ
ദ്ദേഹം ചെയ്തത്. 24നാം പാപത്തിനു മരിച്ചു നീ
തിക്കു ജീവിക്കേണ്ടതിന് അവിടുന്ന് ക്രൂ
ശിന്മേൽ, തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങ
ളെ വഹിച്ചു. അവിടുത്തെ മുറിവുകളാൽ നി
ങ്ങൾക്കു സൗഖ്യം വന്നിരിക്കുന്നു. 25നിങ്ങൾ
തെറ്റി ഉഴലുന്ന ആടുകളെപ്പോലെ ആയിരുന്നു,
ഇപ്പോഴോ നിങ്ങളുടെ ആത്മാക്കളുടെ ഇടയനും
അധ്യക്ഷനും ആയവന്റെ അടുക്കൽ മടങ്ങി
വന്നിരിക്കുന്നു.

*ഭാര്യാഭർത്തൃബന്ധം*

3 ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാർക്കു
വിധേയരായിരിക്കുവിൻ. അവരിൽ ആ
രെങ്കിലും വചനം അനുസരിക്കാത്തപക്ഷം, ഒരു
വാക്കും പറയാതെതന്നെ, തങ്ങളുടെ ഭാര്യമാ
രുടെ പെരുമാറ്റം കൊണ്ട്,അവരെ നേടാൻ കഴി
യും. 2നിങ്ങളുടെ ജീവിതത്തിന്റെ വിശുദ്ധിയും
ആദരവും കണ്ട് അവർ ചേർന്നുവരും. 3നി
ങ്ങളുടെ അലങ്കാരം പിന്നിയ മുടി, സ്വർണ്ണാ
ഭരണം, വിശേഷവസ്ത്രം എന്നിങ്ങനെ
പുറമേയുള്ളതായിരിക്കരുത്. 4പിന്നെയോ സൗ
മ്യവും പ്രശാന്തവുമായ ആത്മാവെന്ന അനശ്വ
രസൗന്ദര്യത്തോടുകൂടിയ ആന്തരികവ്യക്തിത്വം
ആയിരിക്കട്ടെ; ഇതു ദൈവസന്നിധിയിൽ വില
യേറിയതാകുന്നു. 5ദൈവത്തിൽ പ്രത്യാശ വച്ചി
രുന്ന, മുൻകാലങ്ങളിലെ വിശുദ്ധസ്ത്രീകൾ
തങ്ങളുടെ ഭർത്താക്കന്മാർക്കു വിധേയരാ
യിക്കൊണ്ട് ഈ വിധത്തിലായിരുന്നു തങ്ങ
ളെത്തന്നെ അലങ്കരിച്ചിരുന്നത്. 6അങ്ങനെ
സാറായും അബ്രാഹാമിനെ നാഥനെന്നു വിളി
ച്ചുകൊണ്ട് അനുസരിച്ചിരുന്നു. നിങ്ങൾ നന്മ
ചെയ്യുകയും ഒന്നിലും ഭയപ്പെടാതിരിക്കുകയും
ചെയ്താൽ അവളുടെ പുത്രിമാർ ആയിരിക്കും.
7അപ്രകാരംതന്നെ, ഭർത്താക്കന്മാരേ, സ്ത്രീ
ജനം ബലഹീനപാത്രമെന്നറിഞ്ഞു വിവേകപൂർ
വ്വം ഭാര്യമാരോടൊത്തു ജീവിക്കുവിൻ. അവർ
ജീവന്റെ കൃപയ്ക്കു കൂട്ടവകാശികളെന്നോ
ർത്ത് അവരെ ആദരിക്കുകയും വേണം. ഇങ്ങ
നെ, നിങ്ങളുടെ പ്രാർത്ഥനയ്ക്കു ഭംഗം വരാതി
രിക്കട്ടെ.

*നന്മ ചെയ്തിട്ടു പീഡനം സഹിക്കുക*

8അവസാനമായി, നിങ്ങൾ എല്ലാവരും ഏകഭാ
വത്തോടെ ജീവിക്കുവിൻ. അന്യോന്യം സഹതാ
പവും സഹോദരസ്നേഹവും കരുണയും വി
നയവും ഉള്ളവരായിരിപ്പിൻ. 9ദോഷത്തിനു ദോ
ഷവും ശകാരത്തിനു ശകാരവും പകരം
ചെയ്യാതെ അനുഗ്രഹിക്കുന്നവരായിരിപ്പിൻ.
ഇങ്ങനെ അനുഗ്രഹം അവകാശമാക്കുവാനാണ
ല്ലോ നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്.

10"ജീവനെ സ്നേഹിക്കുകയും
ശുഭകാലം ആഗ്രഹിക്കുകയും
ചെയ്യുന്നവൻ ദോഷത്തിൽനിന്നു
തന്റെ നാവിനെയും വഞ്ചനയിൽനിന്നു
തന്റെ അധരങ്ങളെയും കാത്തുകൊ
ള്ളണം.
11അയാൾ ദോഷം വിട്ടകന്നു നന്മ ചെയ്യ
ട്ടെ. സമാധാനം അന്വേഷിച്ചു പിന്തു
ടരട്ടെ.
12കർത്താവിന്റെ കണ്ണു നീതിമാന്മാ
രുടെ മേൽ ഉണ്ട്. അവിടുത്തെ കാത്
അവരുടെ പ്രാർത്ഥന കേൾക്കുന്നു.
എന്നാൽ കർത്താവിന്റെ മുഖം അധർ
മ്മികൾക്കു പ്രതികൂലമായിരിക്കുന്നു."[b]

13നിങ്ങൾ നന്മ പ്രവർത്തിക്കുവാൻ
ശുഷ്കാന്തിയുള്ളവരെങ്കിൽ ആരാണു നിങ്ങ
ളെ ഉപദ്രവിക്കുക? 14നീതിക്കുവേണ്ടി കഷ്ടം
സഹിക്കേണ്ടിവന്നാലും നിങ്ങൾ അനുഗൃഹീ
തർ;"അവരുടെ ഭീഷണിയെ ഭയപ്പെടരുത്,
പരിഭ്രമിക്കുകയുമരുത്."[c] 15നിങ്ങളുടെ ഹൃ
ദയങ്ങളിൽ ക്രിസ്തുവിനെ കർത്താവായി
മഹത്ത്വീകരിപ്പിൻ. നിങ്ങൾക്കുള്ള പ്രത്യാശ
യുടെ ന്യായം ചോദിക്കുന്നവരോടു സൗമ്യത
യോടും ഭയാദരങ്ങളോടുംകൂടി പ്രത്യുത്തരം നൽ
കുവാൻ സദാ സന്നദ്ധരായിരിപ്പിൻ. 16ക്രിസ്തു
വിലുള്ള നിങ്ങളുടെ നല്ല ജീവിതത്തെ ദുഷി
ക്കുന്നവർ ലജ്ജിക്കേണ്ടതിനു നല്ല മനസ്സാക്ഷി
ഉള്ളവരായിരിപ്പിൻ. 17നിങ്ങൾ കഷ്ടത സഹി

[a] 22 യെശയ്യാവ് 53:9 [b] 3:12 സങ്കീർത്തനം 34:12-16 [c] 14 യെശയ്യാവ് 8:12

ക്കണമെന്നതു ദൈവഹിതമെങ്കിൽ തിന്മ
ചെയ്തിട്ടല്ല, നന്മ ചെയ്തിട്ടുതന്നേ സഹി
ക്കുന്നത് ഉത്തമം. 18ക്രിസ്തുതന്നേയും നമ്മെ
ദൈവത്തോട് അടുപ്പിക്കേണ്ടതിന്, നീതിമാനാ
യിരിക്കെ നീതികെട്ടവർക്കുവേണ്ടി, പാപംനി
മിത്തം ഒരിക്കലായി കഷ്ടതയനുഭവിച്ചു. അവി
ടുന്ന് ജഡത്തിൽ മരണം സഹിച്ചുവെങ്കിലും
ആത്മാവിൽ ജീവിപ്പിക്കപ്പെട്ടു. 19ആത്മാവിൽ
അവിടുന്ന് ചെന്നു തടവിലുള്ള ആത്മാക്കളോ
ടു പ്രസംഗിച്ചു. 20അവരാകട്ടെ, പണ്ടു നോ
ഹയുടെ കാലത്തു പെട്ടകം നിർമ്മിക്കപ്പെടു
കയും ദൈവം ക്ഷമയോടെ കാത്തിരിക്കുകയും
ചെയ്തപ്പോൾ അനുസരിക്കാതിരുന്നവരാണ്.
ആ പെട്ടകത്തിൽ ചുരുക്കം ആളുകൾ, അതാ
യത് എട്ടുപേർ, വെള്ളത്തിൽക്കൂടി രക്ഷപ്രാപി
ച്ചു. 21ഈ വെള്ളം സ്നാനത്തിന്റെ സൂചകമാ
ണ്. സ്നാനമോ ശരീരത്തിന്റെ അഴുക്കുനീ
ക്കൽ ആയിട്ടല്ല, നല്ല മനസ്സാക്ഷിക്കുവേണ്ടി
ദൈവത്തോടുള്ള അപേക്ഷയായി, യേശുക്രി
സ്തുവിന്റെ പുനരുത്ഥാനത്താൽ നിങ്ങളെയും
രക്ഷിക്കുന്നു. 22അവിടുന്നു സ്വർഗ്ഗത്തിലേക്കു
പോയി ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരി
ക്കുന്നു. ദൂതന്മാരും അധികാരങ്ങളും ശക്തി
കളും അവിടുത്തേക്ക് അധീനമത്രേ.

*ദൈവത്തിനുവേണ്ടി ജീവിക്കുക*

4 ക്രിസ്തു ജഡത്തിൽ കഷ്ടതയനുഭവി
ച്ചതുകൊണ്ടു നിങ്ങളും ആ ഭാവംതന്നേ
ആയുധമായി ധരിപ്പിൻ; ജഡത്തിൽ കഷ്ടത
അനുഭവിച്ചവൻ പാപം വിട്ടൊഴിഞ്ഞിരിക്കുന്നു.
2അതിന്റെ ഫലമായി, അവൻ ജഡത്തിൽ
ശേഷിച്ച കാലത്ത്, മാനുഷികമായ ദുർമ്മോ
ഹങ്ങൾക്കുവേണ്ടിയല്ല, ദൈവത്തിന്റെ
ഇഷ്ടത്തിനുവേണ്ടിത്തന്നേ ജീവിക്കുന്നു. 3കഴി
ഞ്ഞകാലത്തു നിങ്ങൾ, വിജാതീയർ ചെയ്യാൻ
ഇഷ്ടപ്പെടുന്നതുപോലെ ഭോഗാസക്തിയിലും
മോഹങ്ങളിലും മദ്യപാനത്തിലും വെറിക്കൂത്തു
കളിലും മദിരോത്സവത്തിലും നികൃഷ്ടമായ
വിഗ്രഹാരാധനയിലും ഏറെക്കാലം ചെലവഴി
ച്ചിരുന്നു. 4നിങ്ങൾ ഇപ്പോൾ അവരോടൊത്ത്
അനിയന്ത്രിതമായ അധർമ്മത്തിൽ ജീവി
ക്കാത്തത് അവർക്കു വിചിത്രമായിതോന്നുന്നു;
തന്മൂലം അവർ നിങ്ങളെ ദുഷിക്കുന്നു. 5എന്നാൽ
ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും ന്യായം
വിധിപ്പാൻ ഒരുങ്ങിയിരിക്കുന്നവനോട് അവർ
കണക്കു ബോധിപ്പിക്കേണ്ടിവരും. 6മരിച്ചുപോ
യവരോടും സുവിശേഷം അറിയിച്ചതിനു കാ
രണം ഇതത്രേ. അവർ ജഡത്തിൽ മനുഷ്യരെ
പ്പോലെ വിധിക്കപ്പെട്ടെങ്കിലും ആത്മാവിൽ
ദൈവത്തെപ്പോലെ ജീവിക്കേണ്ടതിനുതന്നേ.

7എല്ലാറ്റിന്റെയും അവസാനം സമീപിച്ചിരി
ക്കുന്നു. അതുകൊണ്ടു പ്രാർത്ഥനയ്ക്കായി
തെളിഞ്ഞ ചിന്തയും ആത്മനിയന്ത്രണവും
ഉള്ളവരായിരിപ്പിൻ. 8എല്ലാറ്റിനുംമീതേ അന്യോ
ന്യം ഉള്ളഴിഞ്ഞു സ്നേഹിപ്പിൻ; സ്നേഹം പാ
പങ്ങളുടെ ബഹുത്വത്തെ മറയ്ക്കുന്നു. 9പിറു
പിറുപ്പുകൂടാതെ പരസ്പരം ആതിഥ്യം ആചരി
ക്കുവിൻ. 10വിവിധമായ ദൈവകൃപയുടെ നല്ല
കാര്യവിചാരകരായി ഓരോരുത്തരും അവരവർ
ക്കു ലഭിച്ചിട്ടുള്ള വരം മറ്റുള്ളവരുടെ ശുശ്രൂ
ഷയ്ക്കായി വിനിയോഗിക്കുവിൻ. 11ഒരാൾ
പ്രസംഗിക്കുന്നുവെങ്കിൽ ദൈവത്തിന്റെ അരു
ളപ്പാടു പ്രസ്താവിക്കുന്നതുപോലെയും, ശുശ്രൂ
ഷിക്കുന്നുവെങ്കിൽ, ദൈവം നല്കുന്ന പ്രാ
പ്തിപോലെയും ആകട്ടെ. അങ്ങനെ എല്ലാ കാ
ര്യങ്ങളിലും ദൈവം യേശുക്രിസ്തുവിലൂടെ
മഹത്ത്വപ്പെടുവാൻ ഇടയാകട്ടെ. മഹിമയും
ശക്തിയും എന്നെന്നേക്കും അവിടുത്തേക്കു
ള്ളത്. ആമേൻ.

*ക്രിസ്ത്യാനിയുടെ കഷ്ടത*

12പ്രിയരേ, നിങ്ങൾക്കുണ്ടായിരിക്കുന്ന
അഗ്നിശോധനയിൽ, എന്തോ അസാധാ
രണകാര്യം സംഭവിച്ചു എന്ന മട്ടിൽ,
ആശ്ചര്യപ്പെടരുത്. 13നിങ്ങൾ ക്രിസ്തുവിന്റെ
കഷ്ടാനുഭവങ്ങളിൽ പങ്കാളികളാകുന്നതിൽ സ
ന്തോഷിപ്പിൻ, അങ്ങനെ നിങ്ങൾ അവിടുത്തെ
മഹത്ത്വം വെളിപ്പെടുമ്പോൾ അത്യധികം
ആനന്ദിക്കുവാൻ ഇടയാകും. 14ക്രിസ്തുവിന്റെ
നാമംനിമിത്തം നിന്ദിക്കപ്പെടുന്നുവെങ്കിൽ
നിങ്ങൾ ഭാഗ്യവാന്മാർ; തേജസ്സിന്റെ ആത്മാ
വായ ദൈവാത്മാവു നിങ്ങളുടെമേൽ ആവസി
ക്കുന്നുവല്ലോ. 15നിങ്ങളിലാരും കൊലപാതക
നോ മോഷ്ടാവോ മറ്റേതെങ്കിലും തരത്തിലുള്ള
കുറ്റവാളിയോ പരകാര്യത്തിൽ ഇടപെടുന്നവ
നോ ആയിട്ടല്ല കഷ്ടത സഹിക്കേണ്ടത്. 16ക്രി
സ്ത്യാനിയായിട്ടു കഷ്ടത സഹിക്കുന്നുവെ
ങ്കിലോ ലജ്ജിക്കരുത്; ആ നാമം ധരിക്കുന്നു
വെങ്കിൽ ദൈവത്തിനു സ്തോത്രം ചെയ്യുകയ
ത്രേ വേണ്ടത്. 17ന്യായവിധി ദൈവഭവനത്തിൽ
ആരംഭിക്കുവാൻ സമയം ആയിരിക്കുന്നു; അതു
നമ്മിലാണു തുടങ്ങുന്നതെങ്കിൽ ദൈവ
ത്തിന്റെ സുവിശേഷം അനുസരിക്കാത്തവരു
ടെ അവസാനം എന്തായിരിക്കും!

18"നീതിമാൻ രക്ഷ പ്രാപിക്കുന്നതു
പ്രയാസത്തോടെ എങ്കിൽ അഭക്ത
ന്റെയും പാപിയുടെയും സ്ഥിതി
എന്തായിത്തീരും!"[a]

19അതുകൊണ്ട്, ദൈവഹിതപ്രകാരം
കഷ്ടത സഹിക്കുന്നവർ നന്മ ചെയ്തുകൊണ്ടു

*a* 18 സുഭാഷിതങ്ങൾ 11:31

വിശ്വസ്തനായ സ്രഷ്ടാവിനു തങ്ങളെത്തന്നേ
ഏല്പിച്ചുകൊടുക്കട്ടെ.

*മൂപ്പന്മാരോടും ഇളയവരോടും*

5 ക്രിസ്തുവിൻെറ പീഡാനുഭവങ്ങളുടെ
സാക്ഷിയും വെളിപ്പെടുവാനുള്ള
തേജസ്സിൻെറ പങ്കാളിയും ഒരു കൂട്ടുമൂപ്പനുമാ
യ ഞാൻ നിങ്ങളുടെയിടയിലുള്ള മൂപ്പന്മാരെ
പ്രബോധിപ്പിക്കുന്നത്: 2നിങ്ങളുടെ പരിപാലന
ത്തിലുള്ള ദൈവത്തിൻെറ ആട്ടിൻകൂട്ടത്തെ
മേയിക്കുവിൻ. ആരുടെയും നിർബ്ബന്ധത്താലല്ല,
ദൈവം ആഗ്രഹിക്കുന്നതുപോലെ സന്മനസ്സോ
ടും, ലാഭമോഹത്തോടെയല്ല, ശുഷ്കാന്തിയോ
ടും. 3നിങ്ങളുടെ ചുമതലയിലുള്ളവരുടെമേൽ
ആധിപത്യം ചെലുത്തുന്നവരായിട്ടല്ല, ആട്ടിൻ
കൂട്ടത്തിനു മാതൃകകളായിത്തീർന്നുകൊണ്ടും
ആയിരിക്കണം അതു ചെയ്യേണ്ടത്. 4ഇടയ
ശ്രേഷ്ഠൻ വെളിപ്പെടുമ്പോൾ നിങ്ങൾക്കു
തേജസ്സിൻെറ വാടാത്ത കിരീടം ലഭിക്കും.
5ഇളയവരേ, മൂപ്പന്മാർക്കു വിധേയരായിരി
പ്പിൻ. അന്യോന്യം ഇടപെടുന്നതിൽ നിങ്ങൾ
എല്ലാവരും താഴ്മ ധരിച്ചുകൊൾവിൻ.
എന്തുകൊണ്ടെന്നാൽ
"ദൈവം അഹങ്കാരികളോട്
എതിർത്തു നില്ക്കുന്നു;
താഴ്മയുള്ളവർക്കോ കൃപ നല്കുന്നു."[a]
6ആകയാൽ ദൈവം നിങ്ങളെ തക്കസമയത്ത്
ഉയർത്തേണ്ടതിന് അവിടുത്തെ ശക്തിയുള്ള
ഭുജത്തിൻ കീഴിൽ നിങ്ങളെത്തന്നേ താഴ്ത്തു
വിൻ. 7ദൈവം നിങ്ങൾക്കായി കരുതുന്നതു
കൊണ്ടു നിങ്ങളുടെ സകല ചിന്താകുലവും
ദൈവത്തെ ഭരമേല്പിക്കുവിൻ.
8ആത്മനിയന്ത്രണം ഉള്ളവരായിരിപ്പിൻ.
ജാഗ്രത പുലർത്തുവിൻ, നിങ്ങളുടെ ശത്രുവായ
പിശാച് അലറുന്ന സിംഹത്തെപ്പോലെ ആരെ
വിഴുങ്ങണം എന്നു തിരഞ്ഞുകൊണ്ടു ചുറ്റി നട
ക്കുന്നു. 9വിശ്വാസത്തിൽ സ്ഥിരതയു
ള്ളവരായി പിശാചിനോട് എതിർത്തു നിൽപിൻ.
ലോകമെങ്ങുമുള്ള നിങ്ങളുടെ സഹോദരർ
ഇതേ വിധത്തിലുള്ള കഷ്ടതകളിലൂടെ
കടന്നുപൊയ്ക്കൊണ്ടിരിക്കുന്നു എന്ന് അറി
യുവിൻ.
10ക്രിസ്തുവിലുള്ള തൻെറ നിത്യതേജസ്സി
നായി നിങ്ങളെ വിളിച്ചിരിക്കുന്ന സർവ്വകൃപാ
ലുവായ ദൈവംതന്നെ, നിങ്ങൾ അല്പകാല
ത്തേക്കു കഷ്ടം സഹിച്ചതിനുശേഷം നിങ്ങളെ
പരിപൂർണ്ണരാക്കുകയും ഉറപ്പിക്കുകയും ശക്തീ
കരിക്കുകയും ചെയ്യും. 11ബലം എന്നെന്നേക്കും
അവിടുത്തേക്ക് ഉള്ളതായിരിക്കട്ടെ. ആമേൻ.

*ആശംസകൾ*

12ഇതാണ് യഥാർത്ഥ ദൈവകൃപയെന്നു സാ
ക്ഷീകരിച്ചുകൊണ്ട്, ഞാൻ വിശ്വസ്തസഹോ
ദരനായി കരുതുന്ന സില്വാനോസ്[b] മുഖാന്തരം
ഇതു പ്രബോധനരൂപേണ ഇങ്ങനെ ചുരുക്കമാ
യി നിങ്ങൾക്ക് എഴുതിയിരിക്കുന്നു. ഈ
ദൈവകൃപയിൽ ഉറച്ചുനില്പിൻ.
13നിങ്ങളോടൊപ്പം തിരഞ്ഞെടുക്കപ്പെട്ട ബാ
ബിലോണിയായിലെ സഭയും എൻെറ മകനാ
യ മർക്കൊസും നിങ്ങൾക്കു വന്ദനം പറയുന്നു.
14സ്നേഹചുംബനത്താൽ തമ്മിൽത്തമ്മിൽ
വന്ദനം ചെയ്യുവിൻ.
ക്രിസ്തുവിലുള്ള നിങ്ങൾക്ക് എല്ലാവർക്കും
സമാധാനം ഉണ്ടായിരിക്കട്ടെ.

[a] 5:5 സുഭാഷിതങ്ങൾ 3:34 [b] 2 *ശീലാസ്*